# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 346 | 15.03.2018 -ൽ മറുപടിക്ക്

## അഡ്വഞ്ചർ ടൂറിസം പദ്ധതി

ചോദ്യം

ശ്രീ.എൽദോ എബ്രഹാം
ശ്രീമതി. ഇ. എസ്. ബിജിമോൾ
ശ്രീ. ജി.എസ്. ജയലാൽ
ശ്രീ. കെ. രാജൻ

ഉത്തരം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) സാഹസിക വിനോദസഞ്ചാരം (അഡ്വഞ്ചർ ടൂറിസം) സംസ്ഥാനത്ത് ഏതൊക്കെ മേഖലകളിലാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

എ) സാഹസിക വിനോദസഞ്ചാരം നടപ്പാക്കുന്ന മേഖലകൾ.

കയാക്കിംഗ് - എറണാകുളം, കണ്ണൂർ, ചാലിയാർപ്പുഴ, കോഴിക്കോട്.

ട്രെക്കിംഗ് - വയനാട്, തേക്കടി, അഗസ്ത്യാർകൂടം

പാരമോട്ടോർ ഗ്ലൈഡിങ് - ആലപ്പുഴ, കണ്ണൂർ

സ്കൂബാ ഡൈവിംഗ് - കോവളം, എറണാകുളം

സിപ് ലൈൻ - വയനാട്, ഇടുക്കി

വൈറ്റ് വാട്ടർഡ്രാഫ്റ്റിംഗ് - കോഴിക്കോട്, കണ്ണൂർ

അഡ്വഞ്ചർ പാർക്ക് - ജഡായു എർത്ത് സെന്റർ

ബി) സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും യുവജനങ്ങളെ ഇതിലേക്ക് ആകർഷിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

ബി) സാഹസിക വിനോദസഞ്ചാര മേഖലയിൽ യുവാക്കളുടെ അഭിമുഖ്യം വർദ്ധിച്ച സാഹചര്യത്തിൽ ഇവരുടെ അഭിരുചി മനസ്സിലാക്കി യുവതലമുറയെ കൂടുതൽ ആകർഷിക്കുന്ന തരത്തിലുള്ള സാഹസിക വിനോദസഞ്ചാര പദ്ധതികൾ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (KATPS) എന്ന സ്ഥാപനം മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. തെന്മല ഇക്കോ ടൂറിസത്തിന്റെ ഭാഗമായി തെന്മലയിൽ പ്രവർത്തനം തുടങ്ങിയ പാർക്ക് ധാരാളം

യുവസഞ്ചാരികളെ ആകർഷിച്ചു വരുന്നു. യുവാക്കൾക്ക് മാത്രമായി പ്രത്യേക പാക്കേജോടുകൂടിയ Outbound learning, Team building തുടങ്ങിയവ ഇവിടെ നൽകി വരുന്നു. കേരളത്തിലെ വനമേഖലകളിൽ സാഹസിക ട്രക്കിംഗ് പ്രോഗ്രാമുകൾ വനം വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. നിശ്ചിത തോതിലുള്ള സഞ്ചാരികളെ പരിശീലനം ലഭിച്ച തദ്ദേശവാസികളായ യുവാക്കൾ വനദർശനത്തിനും സാഹസിക ട്രക്കിംഗിനുമായി കൊണ്ടുപോകുന്നു. കൊല്ലം ജില്ലയിലെ ചടയമംഗലത്ത് പി.പി.പി. മോഡലിൽ സ്ഥാപിതമായി വരുന്ന ജഡായു ടൂറിസം പദ്ധതിയിൽ അഡ്വഞ്ചർ പാർക്കിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഈ മേഖലകളിലേക്കും ധാരാളം സാഹസിക സഞ്ചാരികൾ എത്തുന്നുണ്ട്.

| | |
|---|---|
| സി) ജഡായുപ്പാറ അഡ്വഞ്ചർ ടൂറിസം പദ്ധതിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ? | സി) സംസ്ഥാന വിനോദസഞ്ചാര വകുപ്പും ഗുരുചന്ദ്രികാ ബിൽഡേഴ്സ് & പ്രോപ്പർട്ടി പ്രൈവറ്റ് ലിമിറ്റഡും ചേർന്നുള്ള ഒരു സംയുക്ത സംരംഭമാണ് ജഡായുപ്പാറ ടൂറിസം പദ്ധതി. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ